# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5496 — 01/07/2019-ൽ മറുപടിക്ക്

**കെ.എസ്.ഇ.ബി.യുടെ ഉടമസ്ഥതയിലുള്ള ഇൻസ്പെക്ഷൻ ബംഗ്ലാവുകൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.ഡി.പ്രസേനൻ** | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| മലപ്പുറം, പാലക്കാട്, തൃശ്ശൂർ ജില്ലകളിൽ കെ.എസ്.ഇ.ബി. യുടെ ഉടമസ്ഥതയിലുള്ള ഇൻസ്പെക്ഷൻ ബംഗ്ലാവുകളിൽ താമസിക്കാനുള്ള അനുവാദമുള്ളത് ആർക്കൊക്കെയാണെന്ന് വിശദമാക്കുമോ? | കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന മലപ്പുറം, പാലക്കാട്, തൃശ്ശൂർ ജില്ലകളിലെ ഐ.ബി കളിൽ താഴെ കൊടുത്തിരിക്കുന്ന മുൻഗണനാ ക്രമത്തിലാണ് താമസസൗകര്യം നല്കി വരുന്നത്.<br>1. സംസ്ഥാന ഗവർണർമാർ, മുഖ്യമന്ത്രിയടക്കമുള്ള മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, മുൻ ഗവർണർമാർ, മുൻ മുഖ്യമന്ത്രി. മുൻ വിദ്യുച്ഛക്തി മന്ത്രിമാർ, കെ.എസ്.ഇ.ബി ലിമിറ്റഡിലെ അനൗദ്യോഗിക മെമ്പർ.<br>2. കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ.<br>3. കെ.എസ്.ഇ.ബി ലിമിറ്റഡിലെ ഡയറക്ടർമാർ<br>4. കെ.എസ്.ഇ.ബി ലിമിറ്റഡിലെ ഓഫീസർമാർ മുതൽ ജീവനക്കാർ വരെയുള്ളവർക്ക് ഔദ്യോഗിക നിലവാരമനുസരിച്ച് ഔദ്യോഗിക കൃത്യനിർവ്വഹണത്തിനായും സ്വന്തം ആവശ്യത്തിനനുസൃതമായും മുൻഗണനാടിസ്ഥാനത്തിൽ നല്കുന്നു.<br>5. ഔദ്യോഗിക കൃത്യനിർവ്വഹണത്തിനുള്ള മറ്റു സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിലെ ഉദ്യോഗസ്ഥർക്ക്.<br>6. എം.പിമാർ, എം.എൽ.എമാർ, നിയമസഭാ കമ്മിറ്റി അംഗങ്ങൾ (പി.യുസി, പെറ്റീഷൻ കമ്മിറ്റി)<br>7. കെ.എസ്.ഇ.ബി ലിമിറ്റഡിലെ മുൻ ചെയർമാൻമാർ ഡയറക്ടർമാർ. ക്ലാസ്- I ഓഫീസർമാർ<br>8. കേന്ദ്ര സംസ്ഥാന വകുപ്പുകളിലേയും, പൊതു മേഖല ഭരണസ്ഥാപനങ്ങളിലേയും ഔദ്യോഗിക കൃത്യനിർവ്വഹണത്തിനുള്ള ഉദ്യോഗസ്ഥർക്ക്.<br>9. മറ്റുള്ളവർക്ക് (വിനോദസഞ്ചാരികൾക്ക് ഒഴിവുള്ള പക്ഷം മുൻകൂട്ടി അറിയിപ്പ് ലഭിച്ചാൽ) |

സെക്ഷൻ ഓഫീസർ